## വസൂരി
### കാക്കനാടൻ



പഴുത്തളിഞ്ഞ കുരുക്കളുമായി വസൂരി ഗ്രാമത്തിലലിഞ്ഞു. അവളുടെ മൃത്യുതാണ്ഡവം മനുഷ്യരെ ഞെട്ടിച്ചു. സ്നേഹവും ദയയും മനുഷ്യരിൽനിന്നെടുത്ത് അവൾ അവരെ തമ്മിലകറ്റി. അറിവെടുത്തു; അജ്ഞരാക്കി. തെമ്മാടിയും തേവടിശ്ശിയും സ്നേഹത്തിന്റെ ആർദ്രതയുമായി ഭീകരത തളംകെട്ടിയ ആ ലോകത്തേക്ക് കടന്നുചെന്നു. വേദനിക്കുന്നവർക്ക് അതൊരാശ്വാസമായിരുന്നു...

വെറുപ്പും വിദ്വേഷവും കാമവും സ്നേഹവും സ്വാർത്ഥതയും ത്യാഗവുമെല്ലാം ഉൾക്കൊണ്ട മനുഷ്യജീവിതത്തിന്റെ പച്ചയായ ആവിഷ്കാരമാണ് ഈ നോവൽ.

കവർ ഡിസൈൻ: **അരുൺ പി.ജെ., ഡി സി ഡിസൈൻ സ്റ്റുഡിയോ**

**ഡിസി ബുക്സ്**

www.dcbooks.com

ISBN 978-81-264-3344-5

നോവൽ | E-book available | ₹ 220

കാക്കനാടൻ • വസൂരി



4-ാം പതിപ്പ്

# വസൂരി

## കാക്കനാടൻ

DCB

LIBRARY 2467

LIBRARY 2467

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2467 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## കാക്കനാടൻ (1935–2011)

ജോർജ്ജ് വർഗ്ഗീസ് കാക്കനാടൻ എന്ന് മുഴുവൻ പേര്. 1935 ഏപ്രിൽ 23–നു ജനിച്ചു. 1955–ൽ ബി.എസ്‌സി. ബിരുദം. രണ്ടു വർഷത്തെ സ്കൂൾ അധ്യാപനത്തിനുശേഷം 1957 മുതൽ സതേൺ റെയിൽവേയിലും '61 മുതൽ '69 വരെ റെയിൽവേ മിനിസ്ട്രിയിലും ജോലി ചെയ്തു. *അശ്വത്ഥാമാവിന്റെ ചിരി*, *ഒറോത* എന്നിവയ്ക്ക് യഥാക്രമം 1980–ലെയും '84–ലെയും കേരള സാഹിത്യ അക്കാദമി അവാർഡ്, *ഉഷ്ണമേഖലയ്ക്ക്* 1996–ലെ മുട്ടത്തുവർക്കി അവാർഡ്, സമഗ്ര സംഭാവനയ്ക്ക് പത്മപ്രഭ അവാർഡ് (2001), സമസ്തകേരള സാഹിത്യ പരിഷത്ത് അവാർഡ് (2004), കേരള സാഹിത്യ അക്കാദമി അവാർഡ് (2004) എന്നിവയും 2005–ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും (ജാപ്പാണപ്പുകയില) ലഭിച്ചു. 2011 ഒക്ടോബർ 19–ന് അന്തരിച്ചു.

### കാക്കനാടന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*
കൊളോസസ്
തീരങ്ങളിൽ ഉദയം
കടലിന്റെ മോഹം
വേരുകൾ ഇല്ലാത്തവർ
പ്രളയത്തിനുശേഷം
മഴനിഴൽ പ്രദേശം
ചുമർച്ചിത്രങ്ങൾ
സാക്ഷി
ഒറോത
വസൂരി
അഭിമന്യു
ഏഴാം മുദ്ര
രണ്ടാം പിറവി
കോഴി
നാലു ലഘുനോവലുകൾ
ഈ നായ്ക്കളുടെ ലോകം
കൊച്ചാപ്പു: ചില ഓർമ്മക്കുറിപ്പുകൾ
എന്റെ നഗരം ഒരു സമരകഥ, മറ്റൊരു മുഖം

*കഥകൾ*
കാക്കനാടന്റെ കഥകൾ
മഴയുടെ ജ്വാലകൾ
ജാപ്പാണപ്പുകയില
എന്റെ പ്രിയപ്പെട്ട കഥകൾ
കാക്കനാടന്റെ കഥകൾ സമ്പൂർണ്ണം

*യാത്ര*
കുടജാദ്രിയുടെ സംഗീതം

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച കാക്കനാടന്റെ പുസ്തകങ്ങൾ പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

കാക്കനാടൻ

# വസൂരി

ഡി സി ബുക്സ്

MALAYALAM LANGUAGE
Vasoori

LITERATURE/NOVEL
by Kakkanadan

Rights Reserved

First Published by Current Books 1968
First DCB Edition November 2011
This edition - June 2023

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current BooksINDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Kakkanadan
Vasoori/Kakkanadan
184p., 21cm.
ISBN 978-81-264-3344-5
1. Malayalam Novel I. Title
894.812 3–dc22

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-3344-5

Printed in India
at Manipal Technologies Limited, Manipal.

D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

513/23-24-Sl.No. 24996-dcb 4938 -(4)-300(LE)-7210-06-23 p-a8

## ഒന്ന്

ഇരുട്ട്
മരച്ചില്ലകളിൽ കാറ്റ്.
കാറ്റിൽ ഇരുട്ടിന്റെ മണം.

ടോർച്ച് തെളിക്കുമ്പോൾ പുണ്ണുപിടിച്ച ഇലകളുള്ള ചെടികൾ മാത്രം കാണുന്നു.

രാജഗോപാലൻനായർ പരിഭ്രമിച്ച് നാലുപാടും നോക്കി. അയാൾ കിതയ്ക്കുന്നുണ്ടായിരുന്നു. ആരെങ്കിലും കാണുമോ, ആവോ? കണ്ടാൽ തീർന്നു. സകലതും തീർന്നു. ഇന്നുവരെയുള്ള സല്പേരു മുഴുവൻ പോവാൻ ഒരു നിമിഷം മതി. ഇത്രയും നാൾ നാട്ടുകാരുടെ കണ്ണിൽ മണ്ണിട്ട് നല്ലപിള്ള ചമഞ്ഞുനടന്നു. പലപ്പോഴും കാലുകൾ വഴുതുമെന്നു വിചാരിച്ചതാണ്. ബുദ്ധിപൂർവം കണ്ടുപിടിച്ച രക്ഷാകവചങ്ങൾ എല്ലായ്പോഴും സുരക്ഷിതങ്ങളായിരുന്നു.

എല്ലാം കഴിഞ്ഞിട്ട്, ഈ നേരത്ത്—

ഓർക്കാൻ വയ്യ.

ഈ നേരത്തിനു പ്രത്യേകതയുണ്ടോ? ഉവ്വ്, തീർച്ചയായും ഉണ്ട്. രാധ ഏകദേശം സമ്മതിച്ച മട്ടാണ്. എത്ര നാളത്തെ ശ്രമമായിരുന്നു! രാധയുടെ അച്ഛൻ ഈ ഗ്രാമത്തിൽ താമസമാക്കിയ നാൾ മുതൽ കണ്ണുവെച്ചതാണ്. ഒരു വർഷത്തോളമായി ഗോപാലപിള്ളസ്സാറ് വലിയവീട്ടിൽക്കാരുടെ പഴയ വീടും പറമ്പും വാങ്ങി താമസത്തിനു വന്നിട്ട്. ആദ്യത്തെ ദിവസംതന്നെ സാറിനെ പരിചയപ്പെട്ടു. അന്നുതന്നെ രാധയെ കാണുകയും ചെയ്തു. അന്നു വെച്ച കണ്ണ് ഇന്നുവരെ പറിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല.

അവളുടെ ചുരുണ്ട നിറഞ്ഞ മുടിയും കറുത്ത കണ്ണുകളും! ഓർക്കാതിരിക്കുകയാണു ഭേദം.

ഓർക്കുമ്പോൾ ശരീരം മുഴുവൻ തരിക്കും. ലൈംഗികവികാരങ്ങൾ ചൂടുപിടിച്ചു തിളയ്ക്കും. ശ്വാസം മുട്ടും. അപ്പോൾ എവിടെയെങ്കിലും പോയി എന്തെങ്കിലുമൊക്കെ ചെയ്യാൻ തോന്നും.

വാസ്തവത്തിൽ ഇന്നും തുടക്കം അവളിലായിരുന്നില്ലേ? ഊണു കഴിഞ്ഞ് തെക്കേപ്പുരയുടെ വരാന്തയിൽ കട്ടിൽ പിടിച്ചിട്ടു കിടക്കുകയായിരുന്നു. പുന്നെല്ലിന്റെ മണമുള്ള ഇളംകാറ്റടിച്ചിരുന്നു. അങ്ങനെ കിടന്നപ്പോഴാണ് രാധയെ ഓർത്തത്. രാധയുടെ ശരീരം മുമ്പിൽ കാണുന്നതുപോലെ തോന്നി. അപ്പോൾ അടങ്ങിക്കിടക്കാൻ കഴിഞ്ഞില്ല. തിരിയുകയും മറിയുകയും ചെയ്തു. ഒടുവിൽ എണീറ്റു. മുറി തുറന്നു. ഷർട്ടെടുത്തു ധരിച്ചു. ടോർച്ചെടുത്തു പുറപ്പെട്ടു.

ആവൂ, പുറപ്പെടേണ്ടിയിരുന്നില്ല. ഏതെങ്കിലും വിധത്തിൽ ഇത് രാധയുടെയോ ഗോപാലപിള്ളസ്സാറിന്റെയോ കാതിലെത്തിയാൽ തീർന്നു. ഇത്രനാൾ പെട്ട പാടൊക്കെ വെള്ളത്തിന്മേൽ വരച്ച വരകളാവും.